കുടുംബശ്രീ

തദ്ദേശസ്വയംഭരണ വകുപ്പ്

2010 ജൂലൈ 15
തിരുവനന്തപുരം
ലക്കം 20

# വാർത്താപത്രിക

email: info@kudumbashree.org
www.kudumbashree.org



# ഓണത്തെ വരവേൽക്കാൻ കുടുംബശ്രീ ഒരുങ്ങി



**ആ**ർപ്പുവിളിയും ആഘോഷങ്ങളും ആയിഓണത്തെ വരവേല്ക്കാൻ കുടുംബശ്രീ ഒരുങ്ങി. പഞ്ചായത്ത്/ മുൻസിപ്പൽ/ കോർപ്പറേഷൻ തലത്തിലും ജില്ലാതലത്തിലും ഓണചന്തകൾ സംഘടിപ്പിച്ചു കൊണ്ടാണ് ഇത്തവണ കുടുംബശ്രീയുടെ ഓണാഘോഷം. ഓണത്തോടൊനുബന്ധിച്ച് 1060 കുടുംബശ്രീ ചന്തകൾ പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതലങ്ങളിൽ ആരംഭിക്കും. രണ്ടു കോടി രൂപയുടെ വില്പനയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പാക്കിംഗും ലേബലുമെല്ലാം മെച്ചപ്പെടുത്തി ഉത്പന്നങ്ങൾ വിപണിയിലെത്തിക്കും. ഇതിനു പുറമേ ടൂറിസം വകുപ്പിനു വേണ്ടി കേരളത്തനിമ വിളിച്ചോതുന്ന വൈവിധ്യമാർന്ന സ്മരണിക തയ്യാറാക്കി നൽകുന്നതിനും ധാരണയായി. 'ബേപ്പൂർ ഉരു' പോലുള്ള സാംസ്കാരിക തനിമയാർന്ന സ്മരണിക വഴി ടൂറിസത്തിന്റെ മാർക്കറ്റിംഗ് ഡിവിഷൻ വൻതോതിൽ സമാഹരിക്കാനാണ് ധാരണ. എല്ലാ വർഷവും ഡി.ആർ.ഡി.എ. / മറ്റ് മേളകൾ എന്നിവയുമായി യോജിച്ച് കുടുംബശ്രീ മിഷൻ ഓണചന്തകൾ സംഘടിപ്പിക്കുന്നു.

ഓണചന്തകൾ നടക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലായതിനാൽ ഇത്തവണ ചന്തയുടെ സംഘാടനം പൂർണ്ണമായും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഉത്തരവാദിത്വത്തിലായിരിക്കും. ഓണചന്തകളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പരമാവധി പ്രചരണ പരിപാടികൾ സംഘടിപ്പിക്കും. ഓണചന്തയോടനുബന്ധിച്ച് അയൽക്കൂട്ടാംഗങ്ങളുടെ കലാപരിപാടികൾ, ബാലസഭാ പ്രവർത്തനങ്ങൾ, പോസ്റ്റർ പ്രദർശനം, ഓണം കരോൾ തുടങ്ങിയവ നടത്തും. ഓണചന്തയുടെ പ്രചരണത്തിന്റെ ഭാഗമായി സി.ഡി.എസ്. ചെയർപേഴ്സന്റെ കത്ത് പഞ്ചായത്തിലെ വിവിധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, അയൽക്കൂട്ടാംഗങ്ങൾ എന്നിവർക്കു നൽകുന്നതോടൊപ്പം ചന്ത സംഘടിപ്പിക്കുന്ന സ്ഥലം, ലഭ്യമായ ഉത്പ്പന്നങ്ങൾ, ഏറ്റവും കൂടുതൽ ഉത്പ്പന്നങ്ങൾ വാങ്ങുന്നവർക്ക് ഉപഹാരങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ ഇക്കാര്യങ്ങൾ എന്നിവ രേഖപ്പെടുത്തണം.



കുഞ്ഞമ്മ ചേച്ചി



കുടുംബശ്രീ ഓണച്ചന്ത സംഘടിപ്പിക്കും

തുക അനുവദിക്കുന്നതിനായി മേളയുടെ കാലയളവ് കുറഞ്ഞത് 3 ദിവസമെങ്കിലും വേണം. കുടുംബശ്രീ ഓണച്ചന്തകളുടെ സംഘാടനവുമായി ബന്ധപ്പെട്ടുള്ള സ്റ്റാൾവാടക, മേളയിലെ കുടുംബശ്രീ സ്റ്റാളുകളുടെ സജ്ജീകരണം. കുടുംബശ്രീ റിസോഴ്സ് പേഴ്സൺ/എം.ഇ.സിമാരുടെ ഓണറേറിയം/ യാത്രാബത്ത ചിലവുകളുടെ നിർവ്വഹണം കുടുംബശ്രീയുടെ ലോഗോ പതിച്ച സ്റ്റിക്കറുകൾ ലഭ്യമാക്കൽ, കുടുംബശ്രീ ലോഗോയും, കളർസ്കീമും അടിസ്ഥാനപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള കമാനങ്ങൾ/ബാനർ സ്ഥാപിക്കൽ, ഉത്പ്പന്നങ്ങൾ വിപണനകേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്ക് കുടുംബശ്രീ ഫണ്ടിൽ നിന്നും തുക അനുവദിക്കും.മാസചന്തകൾക്ക് എം.ഇ.സി./ആർ.പി.മാരുടെ സേവനം പ്രയോജനപ്പെടുത്തുമ്പോൾ നൽകി വരുന്ന ഒണറേറിയം ഓണച്ചന്തകൾക്കും നൽകാവുന്നതാണ്.



സംസ്ഥാനത്തൊട്ടാകെ ഉപയോഗിക്കേണ്ട ഏകീകൃത ബാനറിന്റെ ഡിസൈൻ, പായ്ക്കിംഗിനുള്ള ഡിസൈൻ, പ്രചരണത്തിനുള്ള ഓഡിയോ കാസറ്റിലെ ഉള്ളടക്കം എന്നിവ ജില്ലാ മിഷനുകൾക്ക് സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഓണചന്തകളിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനായി ഉപയോഗിക്കുന്ന ക്യാരി ബാഗുകളുടെ ചെലവ് ബാങ്കുകളിൽ നിന്ന് സ്പോൺസർഷിപ്പ് മുഖേന കണ്ടെത്തുന്നതിന് ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ ആയിരിക്കും മുൻകൈ എടുക്കുന്നത്. ഓണച്ചന്തകൾക്കായി ഉൽപ്പാദനം തുടങ്ങുന്നതിന് പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത അനുഭവപ്പെടുന്ന മൈക്രോ സംരംഭകർക്ക് ജില്ലാ മിഷന്റെ ഉത്തരവാദിത്വത്തിൽ പരമാവധി 10,000/- രൂപ (പതിനായിരം രൂപ മാത്രം)വരെ പലിശ രഹിത വായ്പ ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്ന് അനുവദിക്കും.



സി.ഡി.എസ് കമ്മിറ്റി അർഹരായ അപേക്ഷകരെ കണ്ടെത്തി അപേക്ഷ പൂരിപ്പിച്ചു വാങ്ങി ജില്ലാ മിഷൻ കോ-ഓർഡിനേറ്ററിനോട് ശുപാർശ ചെയ്യുകയും അവർ വായ്പയ്ക്ക് അർഹരാണെന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് ബോധ്യപ്പെടുകയും വേണം.എന്നാൽ മാത്രമേ ക്രൈസിസ്സ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും പലിശ രഹിതവായ്പ ലഭിക്കുകയുള്ളു.



ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും കഴിഞ്ഞ വർഷം വായ്പയെടുത്ത ശേഷം തുക തിരിച്ചടക്കാത്ത സംരംഭങ്ങൾ ഉള്ള സി.ഡി.എസുകൾക്ക് ഈ വർഷം സഹായം അനുവദിക്കില്ല. സംരംഭക/സംരംഭകർ വായ്പാ തുക സി.ഡി.എസ്സിന് തിരിച്ചടയ്ക്കാത്ത പക്ഷം സി.ഡി.എസ്സിന് അയൽക്കൂട്ടത്തിലെ ലഘു സമ്പാദ്യ പദ്ധതിയിൽ നിന്നും തിരിച്ചുപിടിക്കാവുന്നതാണ്.ഗ്രാമ/ മുനിസിപ്പൽ/ജില്ലാ തലങ്ങളിലെ കുടുംബശ്രീ ഓണച്ചന്തകളുടെ സംഘാടന ചുമതല, സംഘാടന രീതി, തീയതി എന്നീ വിശദാംശങ്ങൾ സംസ്ഥാന മിഷനെ മുൻകൂട്ടി അറിയിക്കുന്നതോടൊപ്പം ജില്ലകളിലെ കുടുംബശ്രീ ഓണച്ചന്തകളുടെ പ്രതിദിന വിൽപ്പന സംബന്ധിച്ച വിവരം കുടുംബശ്രീ സംസ്ഥാന മിഷനെ ഫോൺ മുഖേനയോ ഇ-മെയിൽ സന്ദേശം വഴിയോ അതാത് ദിവസം ലഭ്യമാക്കണം.

ഓരോ യൂണിറ്റും ഉത്പാദനം ആരംഭിച്ചിട്ടുണ്ടോ?,ഉത്പാദന അളവ്, ഉത്പ്പന്നങ്ങളുടെ ഗുണനിലവാരം, പായ്ക്കിംഗ്, ലേബൽ എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?, ഉത്പ്പന്നങ്ങൾ ചന്തയിൽ എത്തിക്കുന്നത് നേരിട്ടാണോ അതോ പ്രതിനിധി മുഖേനയാണോ ?, സംരംഭകരുടെ ഉത്പ്പന്നങ്ങളുടെ വില പൊതു വിപണിയിലെ ഉത്പ്പന്നങ്ങളേക്കാൾ കൂടുതലോ / കുറവോ എന്നത്?,സമാനമായ ഉൽപ്പന്നങ്ങളുമായി വില ഏകീകരണം നടത്തേണ്ടതിന്റെ ആവശ്യകത?എന്നിവ ഉറപ്പുവരുത്തണം. ഉപഭോക്താക്കൾക്കും സംരംഭകർക്കും എത്തിച്ചേരുവാനുള്ള സൗകര്യത്തിനായിരിക്കണം ചന്ത സംഘാടനത്തിനുള്ള സ്ഥലം തെരഞ്ഞെടുക്കേണ്ടത്.പേപ്പർ കൊണ്ടുള്ള കവർ അയൽക്കൂട്ടാംഗങ്ങൾ നിർമ്മിച്ച് ചന്തയിൽ ലഭ്യമാക്കണം ഓണക്കാലത്ത് വിറ്റഴിക്കാൻ കഴിയുന്ന കുടുംബശ്രീ ഉത്പ്പന്നങ്ങളുടെ അടിസ്ഥാനത്തിൽ 400-500 കുടുംബങ്ങളിൽ നിന്നും മുൻകൂർ ഓർഡർ ശേഖരിക്കുന്നതിന് സി.ഡി.എസ്. തലത്തിൽ നടപടിയെടുക്കണം സി.ഡി.എസ്സുകളുടെ നേതൃത്വത്തിൽ ഓണച്ചന്തയുടെ സംഘാടനത്തിന് വ്യക്തമായ പദ്ധതിയും അടിസ്ഥാന സൗകര്യവും ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓണചന്തയിൽ പങ്കെടുക്കുന്ന മൂന്ന് മികച്ച സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ, പായ്ക്കിങ്ങ് - ലേബലിങ്ങ്, വിൽപനയുടെ അളവ് തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സി.ഡി. എസ്. തലത്തിൽ അംഗീകാരം നൽകുന്നു എന്നതാണ് ഇത്തവണത്തെ പ്രത്യേകത.



CYAN MAGENTA YELLO BLACK



# വിനോദത്തിലൂടെ വിജ്ഞാനം



**വി**നോദത്തിലൂടെ വിജ്ഞാനം എന്ന ലക്ഷ്യം മുൻ നിർത്തികൊണ്ട് കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ബാലസഭ കുട്ടികൾക്കായി ബാലവർണ്ണോത്സവം-2010 എന്ന പേരിൽ ബാലസഭ വെക്കേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.

ക്യാമ്പിലുടനീളം കുട്ടികളുടെ അഭിരുചികൾക്കനുസൃതമായി അവർക്ക് അറിവ് നേടിക്കൊടുക്കാനുതകുന്ന തരത്തിലുള്ള ക്ലാസ്സുകളും പരിശീലന പരിപാടികളും നടത്തി. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അകലം വർദ്ധിക്കുന്ന,നദികൾ മരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജൈവ വൈവിധ്യം നിലനിർത്തേണ്ടതിന്റേയും നദികളെ സംരക്ഷിക്കേണ്ടതിന്റേയും ആവശ്യകതയേക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞു. അച്ചൻ കോവിലാറിന്റെ തീരത്തുകൂടിയുള്ള യാത്ര നദിയെ നേരിട്ടറിയുന്നതിനും അച്ചൻകോവിലാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ മണലൂറ്റ്,മണ്ണിടിച്ചിൽ,ജലമലിനീകരണം എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുവാനും സഹായിച്ചു. കേരളത്തിന്റെ സമര ചരിത്രത്തിൽ ജ്വലിച്ചു നിന്ന മഹാനായ വേലുത്തമ്പിദളവ ആത്മഹൂതി ചെയ്ത മണ്ണടിയിലേക്കുള്ള യാത്രയും വിശ്വാസങ്ങളിൽ നിറഞ്ഞു നിൽക്കുന്ന കാമ്പിത്താൻ മണ്ഡപ സന്ദർശനവും ചരിത്രത്തിലേക്കും സംസ്കാരത്തിലേക്കുമുള്ള പുതുതലമുറയുടെ ഒരു ചുവടുവെയ്പ്പായിരുന്നു.

പ്രകൃതിയെ ചൂഷണം ചെയ്യാതെ അതിന്റെ തനിമ നിലനിർത്തിക്കൊണ്ടു തന്നെ വിനോദം കണ്ടെത്തുന്ന കോന്നി ഇക്കോ ടൂറിസം കേന്ദ്രത്തിലെ അനുഭവവും കാടിന്റെ ഗന്ധവും മണവും ശ്വസിച്ച് നാഗരികതയിൽ നിന്നും അകന്നു ജീവിക്കുന്ന കാട്ടാത്തിപ്പാറ ആദിവാസി ഊരിലേക്കുള്ള യാത്രയും ഓരോ കുട്ടിയിലും അറിവിന്റെ പുതിയ വെളിച്ചം തുറന്നു കൊടുക്കുന്നതായിരുന്നു.പത്തനംതിട്ട ജില്ലയിലെ നിയമസാമാജികരുമായുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്ത കോന്നി എം.എൽ.എ അടൂർ പ്രകാശുമായുള്ള സംവാദവും, കുട്ടികളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയ ജില്ല കളക്ടർ എസ് ലളിതാംബികയുമായുള്ള ചോദ്യോത്തരിയും ശ്രദ്ധേയമായി. അനന്തമായ പ്രപഞ്ചവിസ്മയം നാലു ചുവരുകൾക്കുള്ളിൽ സൃഷ്ടിച്ചെടുത്ത നക്ഷത്രക്കൂടാരവും വാനനിരീക്ഷണവും അഗാധമായ അറിവിലേക്ക് വിരൽ ചൂണ്ടി.

പഞ്ചദിന ക്യാമ്പിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപ്പിനഴികത്ത് ശാന്തകുമാരി നിർവഹിച്ചു.അഞ്ചാം ദിവസം നടന്ന സമാപന സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.പി. ജയൻ കുട്ടികൾക്കുള്ള സർട്ടിഫിക്കേറ്റ് വിതരണം നടത്തി. രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തെ ഒട്ടേറേ പ്രമുഖർ ബാലവർണ്ണോത്സവം സന്ദർശിച്ചു.

നാടകപരിശീലനം,വരയരങ്ങ്, യോഗാപരിശീലനം എന്നിവയും ക്യാമ്പിന്റെ ഭാഗമായി നടന്നു. കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള പ്രത്യേക ക്ലാസും ഉണ്ടായിരുന്നു.

# ജെ.എൽ.ജി: ബാങ്കർമാരുമായി ചർച്ച നടത്തി

**കു**ടുംബശ്രീയുടെ ജെ.എൽ. ജി. പ്രവർത്തകർക്ക് വളരെ അനായാസം ബാങ്ക് വായ്പയെടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളെക്കുറിച്ച് വിവിധ ബാങ്ക് ഉദ്യോഗസ്ഥരുമായി കുടുംബശ്രീ ഉന്നതതല ചർച്ച സംഘടിപ്പിച്ചു. ലിങ്കേജ് വായ്പ നിബന്ധനകൾ പോലെ എല്ലാവർക്കും സ്വീകരിക്കാവുന്ന ഏകീകൃത നടപടിക്രമങ്ങൾ രൂപീകരിക്കുന്നതിന് വേണ്ടിയായിരുന്നു ചർച്ച. ചർച്ചയിൽ നബാർഡിന്റെ പ്രതിനിധിയായ ഡെപ്യൂട്ടി ജെനറൽ മാനേജർ ജയചന്ദ്രനും പങ്കെടുത്തു. ജെ.എൽ.ജിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങളാണ് 18 ബാങ്കുദ്യോഗസ്ഥർ ഉൾപ്പെടുന്ന ചർച്ചയുടെ പ്രാരംഭ ഘട്ടത്തിൽ നടന്നത്.

ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് ത്രിഫ്റ്റ് ആന്റ് ക്രഡിറ്റ് നൽകേണ്ട ആവശ്യമില്ലെന്നും. കുടുംബശ്രീ ബൈലോ ലഭ്യമാക്കണമെന്നും ചർച്ചയിൽ പറഞ്ഞു. വിളയെ അനുസരിച്ചുള്ള ജെ.എൽ.ജി ഗ്രൂപ്പുകളുടെ കാലാവധിയെക്കുറിച്ചും ലോണിനാവശ്യമായ കിസാൻ ക്രഡിറ്റ് കാർഡ് ജെ.എൽ.ജികൾക്ക് നൽക്കുന്നതിനെക്കുറിച്ചും ചർച്ചയിൽ വിശദീകരിച്ചു. സ്വന്തം ഭൂമി, പാട്ടത്തിനെടുക്കുന്ന ഭൂമി, സർക്കാർ ഭൂമി എന്നിങ്ങനെ മൂന്നിനങ്ങളിലായിരിക്കും കൃഷിയിറക്കുന്നത്. സ്വന്തം ഭൂമിയാണെങ്കിൽ ടാക്സ് അടച്ച രസീതും പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ വെള്ള പേപ്പറിൽ സമ്മതപത്രവും സർക്കാർ ഭൂമിയാണെങ്കിൽ പഞ്ചായത്തു സെക്രട്ടറിയുടെ സമ്മതപത്രവും ആവശ്യമാണെന്ന് ചർച്ചയിൽ പറഞ്ഞു. പ്രകൃതി ദുരന്തങ്ങൾ ഉണ്ടായാൽ വിളകൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കേണ്ട ആവശ്യകത, 50 സെന്റ് മുതൽ 5 ഹെക്ടർ വരെ കൃഷിക്കായ് ജെ.എൽ.ജിക്ക് ഭൂമി അനുവദിക്കുന്നതിനെക്കുറിച്ചും ചർച്ചയിൽ ഉൾപ്പെട്ടിരുന്നു.

## സൗജന്യ നിയമസഹായത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പർ 9846700100

# 13 ബഡ്സ് സ്കൂളുകൾക്ക് കൂടി വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം

**ബൗ**ദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു വേണ്ടിയുള്ള കുടുംബശ്രീ 'ബഡ്സ്' സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം 31 ആയി ഉയർന്നു. പുതിയതായി 13 ബഡ്സ് സ്കൂളുകൾക്കാണ് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചത്. എറണാകുളം ജില്ലയിലെ ഏലൂർ, കുന്നുകര, പല്ലരിമംഗലം, വേങ്ങൂർ, അശമന്നൂർ, കിഴക്കമ്പലം, കടുങ്ങല്ലൂർ, മഴുവന്നൂർ, കുമ്പളങ്ങി, ചെല്ലാനം, ഏഴിക്കര, കാഞ്ഞൂർ എന്നിവയ്ക്കും ആലപ്പുഴയിലെ കൃഷ്ണപുരം പഞ്ചായത്തുകൾക്കുമാണ് അംഗീകാരം ലഭിച്ചത്.

തിരുവന്തപുരം (1), കൊല്ലം(1), ആലപ്പുഴ(2), എറണാകുളം(13), മലപ്പുറം(2), കോഴിക്കോട്(7), കണ്ണൂർ(5) എന്നീ ജില്ലകളിലാണ് ബഡ്സ് സ്കൂളുകൾ ഉള്ളത്. 31 ബഡ്സ് സ്കൂളുകളിലായി 861 കുട്ടികൾ പഠിക്കുന്നുണ്ട്. അതാത് ഗ്രാമപഞ്ചായത്തുകൾക്കാണ് ഈ സ്കൂളുകളുടെ പ്രവർത്തന ചുമതല. പ്രവേശനം സൗജന്യമായതിനാൽ ദരിദ്രകുടുംബങ്ങളിലെ കുട്ടികൾക്ക് ഈ സ്കൂൾ കൂടുതൽ പ്രയോജനപ്പെടുന്നു. പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ ബഡ്സ് സ്കൂളുകൾ പാലിക്കുന്നതിനാലാണ് അംഗീകാരം ലഭിച്ചത്. ഈ അംഗീകാരം ലഭിച്ചതോടെ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾക്കു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ബഡ്സ് സ്കൂളുകൾക്കും ലഭിക്കും.

കൂടാതെ, സർവശിക്ഷാ അഭിയാന്റെ ഗ്രാന്റ്, കേന്ദ്രസർക്കാരിന്റെ പദ്ധതിയായ ദീനദയാൽ റീഹാബിലിറ്റേഷൻ പ്രോഗ്രാമിന്റെ സഹായങ്ങളും ലഭിക്കുവാനുള്ള അർഹത സർക്കാർ അംഗീകാരത്തിലൂടെ ബഡ്സ് നേടിയിട്ടുണ്ട്. സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും അധ്യാപകർക്കും ജീവനക്കാർക്കും മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുവാനും ഈ അംഗീകാരത്തിലൂടെ സാധിക്കും. എറണാകുളം ജില്ലാ പഞ്ചായത്ത് 2010-11 ലെ ജനകീയാ സൂത്രണ പദ്ധതിയിലുൾപ്പെടുത്തി 40 ലക്ഷം രൂപ ഈ സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിനും കുട്ടികൾക്കാവശ്യമായ പഠനോ പകരണങ്ങൾ വാങ്ങുന്നതിനുമായി മാറ്റിവച്ചിട്ടുണ്ട്.

അംഗീകാരം ലഭിച്ച സ്കൂളുകൾക്കുള്ള സർട്ടിഫിക്കറ്റുകൾ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് കെ.രാജി വിതരണം ചെയ്തു. കുടുംബശ്രീ എറണാകുളം ജില്ലാമിഷൻ കാ-ഓർഡിനേറ്റർ കെ.കെ.രവി അധ്യക്ഷത വഹിച്ചു.



**ക**ത്തുകൾ,
ചോദ്യങ്ങൾ,
വാർത്താകുറിപ്പുകൾ
എന്നിവയ്ക്കും
അന്വേഷണങ്ങൾക്കും
ബന്ധപ്പെടുക.

E-mail: info@kudumbashree.org
Tel: 0471 2554714, 2554715,




## പ്രതികരണം

**സ**ർ,

വാർത്താപത്രിക കിട്ടുന്നുണ്ട്. വാർത്തകൾ കൂടുതൽ രസകരമാകുന്നുണ്ട്. ലേ-ഔട്ട് നന്നാകുന്നുണ്ട്. ബാലസഭയിലെകുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം എന്ന വിഷയത്തിൽ വന്ന കാർട്ടൂൺ നന്നായിരുന്നു.

എന്ന്

**ഭാനുമതി**

അങ്ങാടിക്കൽ , പത്തനംതിട്ട

---

**എ**ഡിറ്റർ,

കുടുംബശ്രീയുടെ യുവശ്രീ പദ്ധതിയുടെ പ്രായപരിധി 45 ആയി ഉയർത്തിയ വാർത്ത വായിച്ചു. സമൂഹത്തിൽ തൊഴിലില്ലായ്മയ്ക്ക് ശമനം കണ്ടെത്തുന്ന രീതിയിലുള്ള കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

എന്ന് വിശ്വസ്തതയോടെ

**സി.എസ്.മോഹനൻ നായർ**

ജഗതി,തിരുവനന്തപുരം

# ചേകാടിയുടെ പ്രതീക്ഷകൾ



**വ**ന്യമൃഗങ്ങൾ വിഹരിക്കുന്ന കൊടുങ്കാടിനു നടുവിലും ചേകാടിയുടെ പ്രതീക്ഷകൾക്ക് ചിറക് മുളയ്ക്കുന്നു. ചേകാടിയിലെ അഗതികൾക്ക് ആശ്രയമായി കുടുംബശ്രീ മാറിക്കഴിഞ്ഞു.

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ വനത്താൽ ചുറ്റപ്പെട്ട കുഗ്രാമമാണ് ചേകാടി. കിലോമീറ്ററുകൾ കൊടുങ്കാട്ടിലൂടെ സഞ്ചരിച്ച് ചേകാടിയിലെത്തുമ്പോൾ കാണാനാവുക പരന്നുകിടക്കുന്ന പാടങ്ങളും വിസ്മയിപ്പിക്കുന്ന നിശബ്ദതയുമാണ്. കൃഷിചെയ്തും കാട്ടുവിഭവങ്ങൾ ശേഖരിച്ചും ജീവിക്കുന്ന ആദിവാസികളും ചുരുക്കം ചില കുടിയേറ്റ കുടുംബങ്ങളുമാണ് ഇവിടെ വസിക്കുന്നത്. തൊഴിലില്ലായ്മ കൊണ്ടും വനവിഭവങ്ങളുടെ അഭാവം കൊണ്ടും ദുരിതത്തിലായിരുന്ന ആദിവാസി കുടുംബങ്ങൾക്ക് പ്രതീക്ഷയുടെയും നന്മയുടെയും പുതിയ പാഠങ്ങളേകി കുടുംബശ്രീ മുന്നിട്ടിറങ്ങുമ്പോൾ പൂക്കുന്നത് ഒരു ജനതയുടെ സ്വപ്നമാണ്. ഇവിടെ 11 അയൽക്കൂട്ടങ്ങളിലായി 102 പട്ടികവർഗ്ഗ കുടുംബങ്ങൾ അംഗങ്ങളാണ്. പട്ടികവർഗ്ഗക്കാരുടേത് മാത്രമായി അഞ്ച് അയൽക്കൂട്ടങ്ങളുണ്ട്. കൃഷിചെയ്യാതെ കിടക്കുന്ന നിരവധി പാടങ്ങൾ ചേകാടിയിലുണ്ട്. ഈ പാടങ്ങളിലെല്ലാം നെൽവിത്തിറക്കി സംഘകൃഷി ചെയ്യാനാണ് അയൽക്കൂട്ടങ്ങളുടെ തീരുമാനം.

കുടുംബശ്രീയും വയനാട് ജില്ലാ പഞ്ചായത്തും സംയുക്തമായി നടത്തുന്ന കിടാരിവളർത്തൽ പദ്ധതിയിൽ ചേകാടിയിലെ വനശ്രീ, ദർശന എന്നീ ട്രൈബൽ അയൽക്കൂട്ടങ്ങളിൽ നിന്നുള്ള രണ്ട് യൂണിറ്റുകൾക്ക് ഒരു ലക്ഷം രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ചുറ്റുപാടും വനമായതിനാലും കന്നുകാലികളെ വളർത്താൻ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ളതുകൊണ്ടും കൂടുതൽ പേർ സംരംഭങ്ങൾ തുടങ്ങാൻ മുൻപോട്ടു വരുമെന്നാണ് എഡിഎസ് പ്രതീക്ഷിക്കുന്നത്.

കുടുംബശ്രീയുടെ ട്രൈബൽ ആശ്രയ പദ്ധതിചേകാടിയിലെ നിരാലംബർക്ക് താങ്ങാകുന്നു. 45 വയസ്സുള്ള വെള്ളപ്പനെ ചേകാടിയിലുള്ളവർക്ക് സുപരിചിതമാണ്. പുറത്തു നിന്ന് വരുന്നവരെ കാണുമ്പോൾ കാട്ടിലേക്ക് ഓടിയൊളിക്കുന്ന വെള്ളപ്പന് അച്ഛനമ്മമാരോ മറ്റു ബന്ധുക്കളോ ഇല്ല.കാട്ടിൽ നിന്നും എന്തെങ്കിലും കിട്ടിയാൽ കഴിക്കും. വല്ലപ്പോഴും അടുത്ത വീട്ടുകാർ കൊടുക്കുന്ന ഭക്ഷണം കൊണ്ട് വിശപ്പടക്കാൻ ശ്രമിക്കും. ഇപ്പോൾ കുടുംബശ്രീ പട്ടികവർഗ്ഗ ആശ്രയപദ്ധതിയിൽ വെള്ളപ്പനെ ഉൾപ്പെടുത്തി.

56 വയസ്സുള്ള മാളുവിന്റെ ഭർത്താവ് അമിതമദ്യപാനം മൂലം ഒരു വർഷം മുൻപ് മരിച്ചു. മക്കളോ മറ്റു ബന്ധുക്കളോ ഇല്ലാതെ, വീഴാറായ കൂരയിൽ ഏതാനും പട്ടിക്കുട്ടികളോടൊപ്പം പട്ടിണി കിടന്നും നരകിച്ചും മാളു കഴിയുന്നു. വീടിനോട് ചേർന്ന് കൊടുങ്കാടാണ്. വന്യമൃഗങ്ങൾ വരാതിരിക്കാൻ നിർമ്മിച്ച ട്രഞ്ച് കഴിഞ്ഞ മഴക്കാലത്ത് നികന്നു പോയതിനാൽ കാട്ടാനകൾ വീടിനടുത്തേക്ക് കടക്കും. ഭയം മൂലം ഭൂരിഭാഗം പേരും അവിടെ നിന്നും ഒഴിഞ്ഞു പോയി. പോകാൻ ഒരിടമില്ലാത്ത മാളുവിന് ആശ്രയ കൈതാങ്ങായി. വെള്ളപ്പനെയും മാളുവിനേയും കൂടാതെ നാല് പേരെക്കൂടി പുതിയ ട്രൈബൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി.

# ബാലപാർലമെന്റ്



**കോ**ട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിൽ ബാലസഭയിലെ കുട്ടികളുടെ ബാലപാർലമെന്റ് നടന്നു.ഓരോ കുട്ടികളെയും വിവിധങ്ങളായ സ്ഥാനങ്ങളിലേക്ക് വോട്ടെടുപ്പിലൂടെ തെരഞ്ഞെടുത്തു. പാർലമെന്റ് നടപടികൾ വളരെ വ്യക്തമായി പറഞ്ഞുകൊടുക്കുകയും, കമ്പ്യൂട്ടറിൽ കാണിച്ചുകൊടുക്കുകയും ചെയ്തിരുന്നു. പാർലമെന്റ് നടപടികൾ കുട്ടികൾ വളരെ ഭംഗിയായി അവതരിപ്പിച്ചു. പ്രതിപക്ഷത്തിന്റെ ചോദ്യങ്ങളും, മന്ത്രിമാരുടെ മറുപടിയും, സ്പീക്കറുടെ ഔചിത്യബോധവും, പ്രതിപക്ഷത്തിന്റെ ഇറങ്ങിപ്പോക്കുമെല്ലാം വളരെ രസകരമായിരുന്നു.

## കേരളത്തിന്റെ കുടുംബശ്രീ

**കു**ടുംബശ്രീയുടെ മാസിക 'കേരളത്തിന്റെ കുടുംബശ്രീ' കൂടുതൽ പുതുമകളോടെ പുനഃ പ്രസിദ്ധീകരണം തുടങ്ങി. കുടുംബശ്രീ വാർത്തകൾ, അറിയിപ്പുകൾ, വിജയഗാഥകൾ, കുടുംബശ്രീ പ്രവർത്തകരുടെ രചനകൾ, വിവിധ പംക്തികൾ എന്നിവ ഉൾക്കൊള്ളുന്ന ത്രൈമാസികയുടെ വരിക്കാരാകാൻ താല്പര്യമുള്ളവർ വരിസംഖ്യ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ, തിരുവനന്തപുരത്തു മാറാവുന്ന ഡി.ഡി. ആയി പൂർണവിലാസത്തോടൊപ്പം അയയ്ക്കുക.

**ഒരു വർഷത്തേക്ക് വരിസംഖ്യ – 40/ രൂപ**

## ശുചീകരണ പ്രവർത്തനങ്ങളിലെ നാനാർത്ഥങ്ങൾ

**പ**ത്തനംതിട്ട ജില്ലാ കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ മുഴുവൻ അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ രോഗപ്രതിരോധത്തിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോന്നി ഗ്രാമപഞ്ചായത്തിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു. 2 ദിവസം മുൻപ് തന്നെ ശുചിത്വ ക്ലസ്റ്റർ ടീം അംഗങ്ങൾ കൊതുകുപെരുകുന്നതിന്റെ ഉറവിടം സംബന്ധിച്ചും മാലിന്യ നിക്ഷേപ പ്രദേശങ്ങളെ സംബന്ധിച്ചും ക്ലാസുകളും സർവ്വേയും സംഘടിപ്പിച്ചു. വീടുകളിലും സ്ഥാപനങ്ങളിലും ബോധവത്ക്കരണം നടത്തി.

കോന്നി ഗ്രാമപഞ്ചായത്തിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങൾ കണ്ട് പത്തനംതിട്ട ബാറിലെ അഭിഭാഷകനായ അഡ്വ. സിറാജുദീൻ കുടുംബശ്രീ പ്രവർത്തകരെ അഭിനന്ദിക്കുകയും അവർക്കൊപ്പം ശുചീകരണ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു. ആദ്ദേഹം താമസിക്കുന്ന പ്രദേശത്ത് ശുചിത്വ കമ്മറ്റി രൂപീകരിക്കണമെന്നും ഇക്കാര്യത്തിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായം വേണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

## ചോദ്യോത്തരവേളയുമായി കുടുംബശ്രീ മിനി പാർലമെന്റ്



**മ**ലപ്പുറം ജില്ലാ ബാങ്കിംഗ് മിനി പാർലമെന്റിൽ പങ്കെടുത്തുകൊണ്ടിരിക്കെ ഒരു സിഡിഎസ് പ്രസിഡന്റ് അടുത്തിരുന്ന ജില്ലാമിഷന്റെ ഉദ്യോഗസ്ഥരോട് നേരത്തെ എഴുതികൊടുത്തതല്ലാത്ത ചോദ്യങ്ങളൊന്നും ചോദിച്ചുകൂടെ എന്ന് സ്വകാര്യമായി അന്വേഷിക്കുകയാണ്. ഇതു കേട്ടുകൊണ്ടിരുന്ന തിരുവാലി സിഡിഎസ് പ്രസിഡന്റ് ശോഭനയ്ക്ക് ഒരു സംശയവുമില്ല. അതിനെന്താ സീറോ അവറിൽ ചോദിക്കാമല്ലോ. തന്റെ പഞ്ചായത്തിൽ നടന്ന മിനി പാർലമെന്റിന്റെ അനുഭവമാണ് ശോഭനയുടെ ഈ ഉത്തരത്തിനുള്ള കരുത്ത്.

തങ്ങളുടെ സ്വന്തം പഞ്ചായത്തുകളിൽ നടന്ന പഞ്ചായത്തുതല ബാങ്കിംഗ് പാർലമെന്റുകളുടെ അനുഭവസമ്പത്തുമായി സി ഡി എസ് മെമ്പർമാർ പാർലമെന്റ് അംഗങ്ങളായി. മലപ്പുറത്ത് മുനിസിപ്പൽ ബസ്റ്റാന്റ് ഓഡിറ്റോറിയത്തിൽ കുടുംബശ്രീ ജില്ലാമിഷൻ സംഘടിപ്പിച്ച ജില്ലാതല ബാങ്ക് പാർലമെന്റ് ചൂടേറിയ ചോദ്യോത്തരങ്ങളുടെ വേദിയായി മാറി. കുടുംബശ്രീ ബാങ്കിംഗ് സാക്ഷരതാ പ്രചരണ പരിപാടിയുടെ ഭാഗമായാണ് ബാങ്കിംഗ് പാർലമെന്റ് സംഘടിപ്പിച്ചത്.

കേരളനിയമസഭയുടെ കീഴിൽ സജ്ജീകരിച്ച ജില്ലാ പാർലമെന്റിൽ സ്പീക്കറുടെ ചേമ്പറും മന്ത്രിമാർക്ക് ഏറ്റവും മുന്നിൽ പതിനഞ്ചാളം പ്രത്യേക കസേരകളും അവർക്കുമുന്നിലായി മിനുട്ട്സ് രേഖപ്പെടുത്തുന്ന പാർലമെന്റ് സെക്രട്ടറിയേറ്റിന്റെ ഇരിപ്പിടങ്ങളും ഒരുക്കിയിരുന്നു.

സ്പീക്കറുടെ ചേമ്പറിനുമുന്നിൽ ഇരുവശങ്ങളിലായി വാച്ച് ആന്റ് വാർഡുകളും സ്പീക്കറുടെ കസേരയിൽ വണ്ടൂർ എം.എൽ.എ. എൻ. കണ്ണനും എത്തിയപ്പോൾ ഹാളിന് ഒരു മിനി പാർലമെന്റിന്റെ പ്രൗഢി.

പ്രധാനമന്ത്രിയുടെ കസേരയിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററും ഗ്രാമവികസനം,ആഭ്യന്തരം,സഹകരണം,ധനകാര്യം എന്നീ ബോർഡുകൾകൾക്ക് പിന്നിലുള്ള കസേരകളിൽ ജില്ലാ ലീഡ് ബാങ്ക് മാനേജർ,നബാർഡ് ഡിസ്ട്രിക് ഡവലപ്മെന്റ് മാനേജർ,എസ്.ബി.റ്റി-എ.ഒ.ബി എന്നിവയുടെ റീജ്യണൽ മാനേജർ,ജില്ലാ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ,ജില്ലാ ബാങ്ക് അഗ്രകൾച്ചർ ഓഫീസർ,എസ്.എം.ജി.ബി വുമൺ ഡവലപ്മെന്റ് ഓഫീസർ,ഇന്ത്യൻ ബാങ്ക്,ധനലക്ഷ്മി ബാങ്ക്, പി.എൻ.ബി,എച്ച്,ഡി.എഫ്.സി എന്നിവയുടെ മാനേജർക്കും കൃഷിവകുപ്പ് മന്ത്രിയായി പ്രിൻസിപ്പൽ കൃഷി ഓഫീസർ ഡെപ്യൂട്ട് ചെയ്ത ഉദ്യോഗസ്ഥരും പിന്നിൽ ഗാലറികളിലിരുന്ന പത്രക്കാർക്കും നിരീക്ഷരായി എത്തിയ റിസോഴ്സ്പേഴ്സൺമാർക്കും കൗതുകം.മലപ്പുറം ജില്ലാ കളക്ടർ എം.സി.മോഹൻദാസ് നയപ്രഖ്യാപനം നടത്തി.നയപ്രഖ്യാപനരേഖയിൽ കുടുംബശ്രീ, ജില്ലയിൽ 2240 ഹോം-ഷോപ്പുകൾ ആരംഭിക്കുമെന്ന് കളക്ടർ പറഞ്ഞു.ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ പ്രൊഫഷണൽ സംഘത്തിനായിരിക്കും ഹോം-ഷോപ്പുകളുടെ നടത്തിപ്പ്.ഒരു വാർഡിൽ ഒരു ഹോം-ഷോപ്പ് വീതം 14 ബ്ളോക്കുകളിൽ ഷോപ്പുകൾ പ്രവർത്തിക്കും.ജനങ്ങൾക്ക് ന്യായവിലയ്ക്കും ഗുണനിലവാരത്തിലും ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതോടെ തൊഴിലും വരുമാനവും ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം.

കുടുംബശ്രീ പദ്ധതികളെക്കുറിച്ചും, സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചും ബാങ്ക് നടപടികളെക്കുറിച്ചും ഓബുഡ്സ്മാൻ, ഇന്ററസ്റ്റ് സബ്സിഡി ,ജെ.എൽ.ജി,മൈക്രോഫൈനാൻസ് എന്നിവയെക്കുറിച്ചുള്ള സംശയങ്ങളും പരാതികളും മറ്റുമായി ഒന്നര മണിക്കൂർ നീണ്ട ആരോഗ്യപരമായ സംവാദത്തെ തികച്ചും പ്രയോജനപ്രദമാക്കുവാനും തീരുമാനങ്ങൾ പ്രഖ്യാപിപ്പിക്കുവാനും നിരന്തരം ഇടപെടൽ നടത്തിക്കൊണ്ട് സ്പീക്കർ തയ്യാറായപ്പോൾ ബാങ്കിംഗ് പാർലമെന്റ് തികച്ചും നവ്യാനുഭവമായി

CYAN MAGENTA YELLO BLACK



# വിജയഗാഥ

# ദാഹം ശമിപ്പിച്ച് 'പുതുമ' ഇളനീർ



**പാ**ലക്കാട് മുൻസിപ്പാലിറ്റിയിൽ ദാഹജലം നൽകുന്നവരാണ് 'പുതുമ' സംരംഭകർ. 6 വനിതകൾ നഗരത്തിന്റെ മൂന്നിടങ്ങളിലായി ഇളനീർ പന്തൽ നടത്തി വിജയിപ്പിച്ചിരിക്കുന്നു. പത്തു വർഷമായി ഈ ആറംഗസംഘം അഭിമാനത്തോടെ തങ്ങളുടെ സംരംഭം നടത്തുകയാണ്. 2001 ൽ വ്യത്യസ്ത അയൽക്കൂട്ടത്തിലുള്ള ഇവർ ബുക്ക് ബയന്റിംഗുമായാണ് സംരംഭം ആരംഭിച്ചത്. എന്നാൽ അതത്ര ലാഭകരമല്ലെന്ന് പെട്ടെന്നിവർ തിരിച്ചറിഞ്ഞു. അങ്ങനെ കുടുംബശ്രീ സംസ്ഥാന, ജില്ലാ മിഷനുകളുടെ നിർദ്ദേശ പ്രകാരമാണ് ഇളനീർ കച്ചവടം ആരംഭിച്ചത്. വീട്ടിൽ നാളികേരം പൊതിച്ചുള്ള പരിചയം മാത്രമേ അന്ന് തങ്ങൾക്കുണ്ടായിരുന്നുള്ളുവെന്ന് 'പുതുമ' സെക്രട്ടറി മുംതാജ് പറഞ്ഞു. എന്നാൽ തോൽക്കാൻ തയ്യാറാകാതെ വെല്ലുവിളി ഏറ്റെടുക്കുക തന്നെ ചെയ്തു. മാത്രമല്ല, 6 പേരിൽ 5 പേരും മുസ്ലിം സ്ത്രീകളാണ്. "വീട്ടിൽ നിന്നും ഒറ്റയ്ക്കു പുറത്തിറങ്ങാത്തവരായിരുന്നു ഞങ്ങൾ. എന്നാൽ ഇന്ന് ഞങ്ങൾ വിദഗ്ധരായ സംരംഭകരാണ്." മുംതാജ് അഭിമാനത്തോടെ പറയുന്നു.

ആദ്യഘട്ടത്തിൽ ഓലപ്പുരയിലായിരുന്നു കച്ചവടം. അടച്ചുറപ്പില്ലാത്തതിനാൽ ഇളനീർ വാങ്ങി സ്റ്റോറിനുള്ളിൽ കൊണ്ടുപോയി വയ്ക്കും. രാവിലെ ഷെഡ്ഡിലേക്കു കൊണ്ടുപോകും. എന്നാൽ രണ്ടു വർഷത്തിനകം അടച്ചുറപ്പുള്ള മൂന്ന് ഷെഡ്ഡുകൾ ഉണ്ടാക്കാനായി. ഒന്ന് മുനിസിപ്പൽ ഓഫീസിനു മുന്നിലും രണ്ടെണ്ണം സിവിൽ സ്റ്റേഷൻ പരിസരത്തും. രണ്ടു പേർ വീതം ഈ സ്റ്റാളുകളിൽ മാറിമാറി നിൽക്കും.

രാവിലെ 9.30 ന് കട തുറന്നാൽ ചുക്കുകാപ്പിക്കും പക്കാവടയ്ക്കുമുള്ള ആവശ്യക്കാരാണ് ആദ്യമെത്തുക. ഇതിന് നല്ല ചെലവുണ്ടെന്ന് മുംതാജ് പറഞ്ഞു. മഴക്കാലത്ത് ഇളനീരിനേക്കാൾ ചെലവ് ചുക്കുകാപ്പിക്കാണ്. മഴക്കാലത്ത് ഇളനീരിന് കച്ചവടം കുറയുമെന്നതു കൊണ്ടു തന്നെയാണ് ചുക്കുകാപ്പിയും തുടങ്ങിയത്. ഇളനീരിനൊപ്പം ഇളനീർ ഷെയ്ക്കും കൊടുക്കുന്നുണ്ട്. ഇളനീരും പാലും പഞ്ചസാരയും ചേർത്ത ഷെയ്ക്ക് വളരെ രുചികരമാണ്. സ്റ്റാളിൽ വൈദ്യുതി ലഭിച്ചിട്ടില്ലാത്തതിനാൽ ഷെയ്ക്ക് വീട്ടിൽനിന്നും ഉണ്ടാക്കിക്കൊണ്ടുവരികയാണ് പതിവ്.

കരിക്കുകൊണ്ടുള്ള വിവിധ വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം 'പുതുമ' പ്രവർത്തകർ നേടിയിട്ടുണ്ട്. എങ്കിലും വൈദ്യുതി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കൂടി കിട്ടിയാലേ തങ്ങളുടെ സംരംഭം കുറേക്കൂടി മെച്ചപ്പെടുത്താൻ കഴിയൂ എന്നവർ കരുതുന്നു. ഇപ്പോൾ ദിവസവും 100 രൂപ വീതം ഓരോരുത്തരും എടുക്കുന്നുണ്ട്. വിശേഷാവസരങ്ങളിൽ കൂടുതൽ എടുക്കാനാകും. മുംജാതിനോടൊപ്പം റുഖിയ, സീനത്ത്, ലൈല, ജമീല പാർവതി എന്നിവരാണ് 'പുതുമ'യിൽ ഉള്ളത്. ഇതിൽ ജമീല വീട്ടിലിരുന്ന് ഷെയ്ക്ക് ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

ഒരു ലക്ഷം രൂപ വായ്പയും ഒരു ലക്ഷം രൂപ സബ്സിഡിയുമായാണ് 'പുതുമ' ആരംഭിച്ചത്. വായ്പ 5 വർഷംകൊണ്ട് പൂർണമായും തിരിച്ചടച്ചുകഴിഞ്ഞു. ഇനി സംരംഭത്തിന്റെ വികസനത്തിനുള്ള മാർഗങ്ങൾ ഇവർ ആലോചിക്കുന്നു. ഏറെ വൈകാതെ തങ്ങളുടെ ഇളനീർപന്തലുകൾ കുറേക്കൂടി വിശാലമാകുമെന്ന ഉറപ്പ് 'പുതുമ'യ്ക്കുണ്ട്. ഐക്യവും ആത്മവിശ്വാസവുമാണ് ഇവരെ മുന്നോട്ടു നയിക്കുന്നത്.


തനിമ, പരിശുദ്ധി, കേരളീയത

കുടുംബശ്രീ ഉൽപ്പന്നങ്ങൾ

## രുചിയൂറും സൺഫ്രെഷ് കൊണ്ടാട്ടം



**പാ**ലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ ഒരു കൂട്ടം കുടുംബശ്രീ പ്രവർത്തകരാണ് രൂചിയൂറും 'സൺഫ്രെഷ്' കൊണ്ടാട്ടവുമായി വിപണി കീഴടക്കുന്നത്. പാലക്കാടും പരിസര പ്രദേശങ്ങളിലുമുള്ള 20 പേരടങ്ങുന്ന24 ക്ലസ്റ്ററുകളാണ് ഇതിൽ ഉൾപ്പെടുന്നത്. വ്യത്യസ്ത രുചികളിലുള്ള കൊണ്ടാട്ടം പ്രധാനമായും അരിയോ പച്ചക്കറിയോ ഉപയോഗിച്ചതാണ് നിർമ്മിക്കുന്നത്. 200 ഗ്രാം റൈസ് കൊണ്ടാട്ടത്തിന് 20 രൂപയും 500ഗ്രാം പാവയ്ക്ക- മുളക് കൊണ്ടാട്ടത്തിന് 12 രൂപയുമാണ്.

കുടുംബശ്രീ ഉൽപ്പന്നങ്ങൾ മൊത്തമായി വാങ്ങാനും വിതരണം നടത്താനും താത്പര്യമുള്ളവർ
മാർക്കറ്റിങ് ടീമുമായി ബന്ധപ്പെടുക. ഫോൺ-9895896716,9946121217
പ്രോഗ്രാം ഓഫീസർ (മാർക്കറ്റിംഗ്) : 9446363250


# ജില്ലാ വാർത്തകൾ

തൃശൂർ

## ഫുട്ബോൾ പരിശീലനം



**തൃ**ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ബാലകൗമാര കായികാരോഗ്യ പരിപാടിയുടെ ഭാഗമായി ഫുട്ബോൾ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. 60 കുട്ടികൾ പങ്കെടുത്ത പരിശീലന ക്യാമ്പ് കുട്ടികളുടെ മാനസിക വികാസത്തിനും വ്യക്തിത്വവികസനത്തിനും ആരോഗ്യത്തിനും ഊന്നൽ നല്കുന്നതായിരുന്നു.

കുട്ടികൾക്ക് ഫുട്ബാളിന്റെ അടിസ്ഥാന പാഠങ്ങൾ പഠിപ്പിച്ചു കൊടുക്കുന്നതോടെ കായികരംഗത്ത് ഊർജ്ജസ്വലതയാർന്ന പുതുതലമുറയെ വാർത്തെടുക്കാനാകുമെന്ന വിശ്വാസത്തിലാണ് പരിശീലകനായ കെ.കെ.രമേഷ്

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ തോമസ് സാമുവൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ലില്ലി ഫ്രാൻസീസ് നിർവഹിച്ചു.

കോട്ടയം

## ക്വിസ് മത്സരം

**കോ**ട്ടയം ജില്ലയിൽ ഏതാണ്ട് അൻപതോളം പഞ്ചായത്തുകളിൽ ബാലസഭകുട്ടികൾക്കായി ക്വിസ്മത്സരം സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട രണ്ട് കുട്ടികൾ വാർഡുതലത്തിലും തുടർന്ന് പഞ്ചായത്തുതലത്തിലുമാണ് മത്സരിച്ചത്. ഏകദേശം 49 പഞ്ചായത്തുകളിൽ മത്സരം നടന്നു. പഞ്ചായത്തുതലത്തിലെ വിജയികൾക്കായി ജില്ല അടിസ്ഥാനത്തിലും ആവേശജനകമായ മത്സരം സംഘടിപ്പിച്ചു.

## 'മരം ഒരു വരം' പദ്ധതി

**കോ**ട്ടയം ജില്ലയിൽ 27 ഓളം ബാലപഞ്ചായത്തുകളുടെ നേതൃത്വത്തിൽ പഞ്ചായത്തുതലത്തിൽ മരം ഒരു വരം പദ്ധതിനടന്നു. ഈ പദ്ധതിയുടെ ഭാഗമായി മരം ജീവന്റെ നിലനിൽപിനാധാരമാണെന്നുള്ള അറിവ് കുട്ടികൾക്ക് പകർന്നു നൽകാനായി. കൂടാതെ മരം നട്ടുകൊണ്ട് ജീവൻ നിലനിർത്താൻ ശ്രമിക്കുമെന്ന് കുട്ടികൾ പ്രതിജ്ഞ എടുത്തു.

കാസർഗോഡ്

## സർട്ടിഫിക്കറ്റ് വിതരണം



**കു**ടുംബശ്രീ കാസർഗോഡ് ജില്ലാമീഷന്റെ നേതൃത്വത്തിൽ തൃശ്ശൂരിലെ AIFRM നടത്തിയ ക്യാന്റീൻ / ഹോട്ടൽ മാനേജ്മെന്റ് പരിശീലനത്തിൽ പങ്കെടുത്തവർക്ക് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ.എം.കെ.രാജശേഖരൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു.

Printed, Published and owned by Sarada Muraleedharan IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, Published from 2nd Floor, TRIDA Building, Chalakkuzhi Road, Medical College (P.O.), Thiruvananthapuram, Design & Layout: Communique, Tvm-1, Printed at: Kerala State Audio Visual & Reprographic Centre, Editor R.Parvathi Devi,Asst.Editor S.Jayalekshmi